# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2273 18.12.2012 ലെ മറുപടിക്ക്

**പെരുമ്പള ബോട്ട് മെക്കാനിക്ക് യൂണിറ്റ് സ്ഥാപിക്കുന്ന നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം.ആരിഫ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പള, തവണക്കടവ്, പൂത്തോട്ട, വൈക്കം, മുഹമ്മ തുടങ്ങിയ ബോട്ട് ജട്ടികളിലെ ബോട്ടുകൾ കേടാകുന്നതു മൂലം സർവ്വീസുകൾ മുടങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെരുമ്പളം, തവണക്കടവ്, പൂത്തോട്ട, വൈക്കം, മുഹമ്മ തുടങ്ങിയ സ്ഥലങ്ങളിലെ ബോട്ടുകൾ കേടാകുന്നത് മൂലം ഉണ്ടാകുന്ന സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിന് പാണാവള്ളിയിലും വൈക്കം സ്റ്റേഷനുകളിലും നിലവിൽ സ്പെയർ ബോട്ട് നല്കിയിട്ടുണ്ട്. |
| (ബി) | കേടാകുന്ന ബോട്ടുകൾ ആലപ്പുഴയിൽ കൊണ്ടുപോയി റിപ്പയർ നടത്തി തിരികെ ലഭിക്കുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേടാകുന്ന ബോട്ടുകൾ ആലപ്പുഴയിലോ എറണാകുളത്തോ കൊണ്ടുപോയി റിപ്പയർ നടത്തി തിരികെ ലഭിക്കുന്നതിന് താമസം നേരിട്ടാലും സർവ്വീസ് മുടങ്ങാതിരിക്കുന്നതിന് ഓരോ സ്റ്റേഷനിലും നല്കിയിട്ടുള്ള സ്പെയർ ബോട്ട് ഉപകരിക്കുന്നതാണ്. പുതുതായി നിർമ്മാണം പൂർത്തീകരിച്ച സ്ലിപ് വേ പ്രവർത്തനക്ഷമമാകുന്നതോടുകൂടി റിപ്പയറിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പെരുമ്പള പഞ്ചായത്ത് വിട്ടു നൽകാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലത്ത് ഒരു ബോട്ട് മെക്കാനിക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ആലപ്പുഴയിൽ ഒരേ സമയം 4 ബോട്ടുകൾ കയറ്റി റിപ്പയർപണികൾ ചെയ്യാവുന്ന ആധുനിക സ്ലിപ് വേയുടെ പണികൾ പൂർത്തീകരിക്കുകയും വകുപ്പിന്റെ ഉടമസ്ഥ തയിലുള്ള സ്ഥലത്ത് ഏകദേശം 6.75 കോടി രൂപ മുതൽ മുടക്കി നിർവ്വഹിക്കുന്ന ഡ്രൈ ഡോക്കിൻെറ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാകുന്നതോട് കൂടി റിപ്പയർ കാര്യക്ഷമമാക്കുന്നതിനും പെരുമ്പളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിനും സാധിക്കും. അടിയന്തിര സാഹചര്യ ങ്ങളിൽ റിപ്പയർപണികൾ ചെയ്യുന്നതിന് ഒരു മെക്കാനിക്കിനെയും ഒരു സഹായിയേയും പാണാവള്ളി സ്റ്റേഷനിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ